15. പ്രൊഫ. നബീസാ ഉമ്മാൾ, ചെയർപേഴ്സൺ, നെടുമങ്ങാട്, മുൻസിപ്പാലിറ്റി, മെമ്പർ

16. ശ്രീ. റഷീദ് കാണിച്ചേരി, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എ., കെ.എസ്.റ്റി.എ. ഓഫീസ്, തൈക്കാട്, തിരുവനന്തപുരം, മെമ്പർ.

17. ശ്രീ. സിറിയക് കാവിൽ, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എഫ്. വാരണം പി.ഒ. ആലപ്പുഴ, 688555 മെമ്പർ.

18. ശ്രീ. എം. സുജയ്, പ്രസിഡന്റ്, ജി.എസ്.റ്റി.യു. സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, ചിറകുളം, തിരുവനന്തപുരം, മെമ്പർ.

സ്കൂൾ യുവജനോത്സവ നടത്തിപ്പിനെക്കുറിച്ചുള്ള പരാതി

99 (1216) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ യുവജനോത്സവ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ഉണ്ടാകുന്ന ക്രമക്കേടുകളും പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം പരാതികളും ക്രമക്കേടുകളും പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കൂൾ യുവജനോത്സവ നടത്തിപ്പിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണു വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ സ്കൂൾ യുവജനോത്സവത്തിലെ ഫലപ്രഖ്യാപനത്തെക്കുറിച്ച് ഗവൺമെന്റിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ക്രമക്കേടുകളും പരാതികളും ഉന്നയിക്കപ്പെടുന്നത് വെറും സംശയത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പല കേസുകളിലും തെളിഞ്ഞിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ പല നടപടികളും ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

1. 1992-ലെ മാനുവലിൽ അർത്ഥപൂർണ്ണമായ പരിഷ്ക്കാരങ്ങൾ വരുത്തിയാണ് 1998-99 പുതിയ മാനുവൽ ഉണ്ടാക്കിയിരിക്കുന്നത്. കലാസാഹിത്യരംഗത്തെ പ്രഗത്ഭരായ വ്യക്തികളുടെയും കലാസാംസ്കാരിക സംഘടനകളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അഭിപ്രായങ്ങളും ഹൈക്കോടതിയുടെ വിധികളും കണക്കിലെടുത്താണ് 1998-99-ലെ പരിഷ്ക്കരിച്ച മാനുവൽ തയ്യാറാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രഗത്ഭരുടെ അഭിപ്രായം മാനിച്ച് 1999-2000-ൽ ഈ പരിഷ്കരിച്ച മാനുവലിൽ ചില ഭേദഗതികൾ വരുത്തി.
3. ഫലപ്രഖ്യാപനത്തിലുള്ള പരാതി ബോധിപ്പിക്കുന്നതിന് എല്ലാ തലത്തിലും അപ്പീൽ കമ്മിറ്റി രൂപീകരിക്കുവാൻ പുതിയ മാനുവൽ വ്യവസ്ഥ ചെയ്യുന്നു.
4. എല്ലാ മത്സരങ്ങൾക്കും മൂല്യനിർണ്ണയോപാധികൾ ഉണ്ടാക്കുകയും വിധി നിർണ്ണയം കുറ്റമറ്റതാക്കുവാനും ശ്രദ്ധിച്ചിട്ടുണ്ട്.
5. വിധികർത്താക്കളായി എത്തുന്നവരെ ഒരു തരത്തിലും സ്വാധീനം ചെലുത്തുവാൻ സാധിക്കാത്തവിധം അവരുടെ പേരുവിവരം രഹസ്യമായി വയ്ക്കുന്നതിന്പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.
6. ഈ വർഷത്തെ യുവജനോത്സവ നടത്തിപ്പിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളും ഉന്നയിക്കപ്പെടുന്ന പരാതികളും ക്രമക്കേടുകളും അടുത്ത വർഷത്തെ മത്സരങ്ങളുടെ നടത്തിപ്പിന് മുമ്പ് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് അവശ്യം വേണ്ട മാറ്റങ്ങൾ വരുത്താറുണ്ട്.
7. പരാതികളും ക്രമക്കേടുകളും കഴിയുന്നത്ര കുറയ്ക്കുന്നതിനായി വകുപ്പു തലത്തിൽ പരിഷ്കരിച്ച മാനുവലിനനുസൃതമായി സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

(ഡി&ഇ) ഇക്കാര്യം വിശദമായി പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

(എഫ്) ഉണ്ട്.

(ജി) അനന്തര നടപടി സ്വീകരിക്കുന്നതിനായി പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്ര-സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്രഗവൺമെന്റ് ഫണ്ട് രൂപീകരണം

100 (1217) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എ ചന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സർവകലാശാലകളിലെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലെയും ശാസ്ത്ര-സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു ഫണ്ട് രൂപീകരിച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ സർവകലാശാലകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹായം ലഭിക്കുന്നതിനായി എന്തെല്ലാം ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(സി) സംസ്ഥാനത്തെ സർവകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശാസ്ത്ര-സാങ്കേതിക ശാസ്ത്ര-വൈദ്യശാസ്ത്രങ്ങളിൽ പുതിയ കണ്ടുപിടുത്തത്തിലേക്ക് നയിക്കാനുതകുന്ന എന്തെല്ലാം പരിഷ്ക്കാരങ്ങൾ നടക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly